3 (1595) ഗൾഫ് നാടുകളിലേക്കുള്ള വിസനിയന്ത്രണം

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്നുള്ള അവിദഗ്ധ തൊഴിലാളികളെ ഗൾഫിലേക്ക് റിക്രൂട്ട് ചെയ്യുന്നത് അവസാനിപ്പിക്കാനുള്ള യു.എ.ഇ യുടെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.എ.ഇ യിലേക്ക് പോകുന്ന ഇന്ത്യയിലെ അവിദഗ്ധ തൊഴിലാളികളിൽ ഭൂരിപക്ഷവും സംസ്ഥാനത്ത് നിന്നാണെന്ന് ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ യു.എ.ഇ ഗവൺമെന്റിന്റെ തീരുമാനത്തിന്റെ ദോഷവശങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്നു വെളിപ്പെടുത്തുമോ;

(ഡി) ഗൾഫ് നാടുകളിലേക്കുള്ള വിസനിയന്ത്രണത്തെ സംബന്ധിച്ചു കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഗൾഫ് നാടുകളിലേക്കുള്ള വിസനിയന്ത്രണം ഏത് വിധത്തിലാണെന്നത് സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര വിദേശകാര്യ വകുപ്പുമായും യു.എ.ഇ യിലെ ഇന്ത്യൻ അംബാസഡറുമായി ഇത് സംബന്ധിച്ചു സംസ്ഥാന സർക്കാർ ബന്ധപ്പെട്ടു.

(ഡി&ഇ) ഉണ്ട്. അബുദാബിയിലെ ഇന്ത്യൻ എംബസിയും ദുബായിലെ ഇന്ത്യൻ കോൺസുലേറ്റും ഇക്കാര്യം പല പ്രാവശ്യം യു.എ.ഇ. അധികൃതരുടെ മുൻപാകെ കൊണ്ടുവരികയുണ്ടായി. യു.എ.ഇ. യിലെ ലേബർ മാർക്കറ്റിൽ ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിൽ നിന്നും എത്തിയ അധികമായുള്ള അവിദഗ്ധ തൊഴിലാളികളെ സംഘടിത മേഖലയിൽ തൊഴിൽ തേടുന്നതിന് സഹായിക്കുന്നതിനും ജോലിയില്ലാതെ അലയുന്ന അവിദഗ്ധ തൊഴിലാളികളുടെ ബാഹുല്യം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടിയാണ് ഈ നിരോധനം ഏർപ്പെടുത്തേണ്ടി വന്നതെന്നും, ഈ നിരോധനം താൽക്കാലികമാണെന്നുമുള്ള വിവരമാണ് ഇന്ത്യാ ഗവൺമെൻറിനു ലഭിച്ചിട്ടുള്ളത്.

4 (1596) ജനകീയാസൂത്രണത്തിന്റെ പ്രവർത്തനഫലമായി ഉണ്ടായ ആസ്തികൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ് ജെ. മാത്യു :

LIBRARY ARCHIVES Kerala Legislative Assembly